ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:23.08.2024**

## പ്രധാനവാർത്തകൾ

1. **ബഹിരാകാശ മേഖലയിലെ രാജ്യത്തിൻറെ വികസനം അസാധാരണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു ; പ്രഥമ ദേശീയ ബഹിരാകാശ ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന പരിപാടി രാഷ്ട്രപതി ഉദ്ഘാടനം ചെയ്തു.**

2. **ദ്വിരാഷ്ട്ര സന്ദർശനത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് യുക്രെനിലെത്തും.**

3. **ഉന്നത വിദ്യാഭ്യാസത്തിനൊപ്പം നൈപുണ്യ വികസനത്തിനും സർക്കാർ ശ്രദ്ധ നല്കുന്നത് സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റം കൊണ്ടുവന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ**

4. **പരിസ്ഥിതിക്കും ജനങ്ങൾക്കും വ്യാവസായിക മേഖലയ്ക്കും ഒരുപോലെ പ്രാധാന്യം നൽകുന്നതാണ് സംസ്ഥാന സർക്കാരിൻറെ വ്യാവസായിക നയമെന്ന് മന്ത്രി പി രാജീവ്.**

5. **മലയാള സിനിമാ മേഖലയിൽ നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങൾ പരിശോധിച്ച് രണ്ടാഴ്ചക്കകം വിശദീകരണം സമർപ്പിക്കണമെന്ന് ചീഫ് സെക്രട്ടറിക്കും സംസ്ഥാന പോലീസ് മേധാവിക്കും നിർദ്ദേശം നൽകി സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ.**

RNU TVPM

**************************

## ദേശീയ ബഹിരാകാശ ദിനം

ബഹിരാകാശ മേഖല മനുഷ്യൻറെ ജീവിത നിലവാരം മെച്ചപ്പെടുത്തിയതായും സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കിയതായും രാഷ്ട്രപതി ദ്രൗപദി മുർമു. ബഹിരാകാശ മേഖലയിലെ രാജ്യത്തിൻറെ വികസനം അസാധാരണമാണെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു. ദേശീയ ബഹിരാകാശ ദിനത്തോടനുബന്ധിച്ച് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു രാഷ്ട്രപതി . ഗഗൻയാൻ പദ്ധതി ആകാംക്ഷയോടെ നോക്കി കാണുന്നതായും രാഷ്ട്രപതി പറഞ്ഞു. പദ്ധതി വിജയകരമാകുമെന്നും രാജ്യത്തെ സാമൂഹിക, സാമ്പത്തിക, ശാസ്ത്ര മേഖലയ്ക്ക് ഗുണകരമാകുമെന്നും രാഷ്ട്രപതി പ്രത്യാശ പ്രകടിപ്പിച്ചു. റോബോട്ടിക്സ് ചലഞ്ച്, ഭാരതീയ അന്തരീക്ഷ് ഹാക്കത്തോൺ എന്നിവയിലെ വിജയികൾക്കുള്ള പുരസ്കാരങ്ങളും രാഷ്ട്രപതി വിതരണം ചെയ്തു. രാജ്യമെമ്പാടും വിപുലമായ ദിനാഘോഷ പരിപാടികളാണ് ദേശീയ ബഹിരാകാശ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ചിട്ടുള്ളത്. വിവിധ ഐ എസ് ആർ ഓ കേന്ദ്രങ്ങളുടെ നേതൃത്വത്തിലും ആഘോഷങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. *"ജീവിതങ്ങളെ സ്പർശിച്ചു കൊണ്ട് ചന്ദ്രനെ തൊടുമ്പോൾ - ഇന്ത്യയുടെ ബഹിരാകാശ ഗാഥ"* എന്നതാണ് ഈ വർഷത്തെ ബഹിരാകാശ ദിന പ്രമേയം. പ്രഥമ ബഹിരാകാശ ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയും രാജ്യത്തെ ജനങ്ങൾക്ക് ആശംസ നേർന്നു.

**************************

## ഡോ എസ് ഉണ്ണികൃഷ്ണൻ (ഇൻട്രോ)

നാളിതുവരെ ബഹിരാകാശ മേഖലയിൽ നിരവധി നേട്ടങ്ങളാണ് ഇന്ത്യ കൈവരിച്ചിട്ടുള്ളത്. കൂടുതൽ പരീക്ഷണങ്ങൾ വരും നാളുകളിൽ നടക്കുമെന്നും മനുഷ്യനെ ബഹിരാകാശത്തി

PNUTVPM

ലെത്തിക്കുന്ന ഗഗൻയാൻ പരീക്ഷണം ഉൾപ്പെടെയുള്ളവയുടെ അവസാനഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നതായും വിഎസ്എസ് സി ഡയറക്ടർ ഡോ എസ് ഉണ്ണികൃഷ്ണൻ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(ഹോൾഡ് വോയ്സ്)

*************************

## പ്രധാനമന്ത്രി - ഉക്രൈൻ

ദ്വിരാഷ്ട്ര സന്ദർശനത്തോടനുബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് കീവിലെത്തും. രണ്ടു ദിവസത്തെ പോളണ്ട് സന്ദർശനം പൂർത്തിയാക്കിയാണ് പ്രധാനമന്ത്രി യുക്രൈനിലെത്തുന്നത്. യുക്രൈൻ പ്രസിഡൻറ് വോളോഡിമിർ സെലൻസ്കിയുടെ ക്ഷണപ്രകാരമാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനം. പ്രസിഡൻറ് സെലൻസ്കിയുമായുള്ള ചർച്ചയിലൂടെ ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്താൻ സാധിക്കുമെന്ന് കരുതുന്നതായി യാത്രയ്ക്കു മുന്നോടിയായി പുറത്തിറക്കിയ പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു. യുക്രൈൻ പ്രശ്നങ്ങൾക്ക് സമാധപരമായ പരിഹാരം എന്ന തൻറെ കാഴ്ചപ്പാടുകൾ പങ്കുവയ്ക്കാൻ സന്ദർശനത്തിലൂടെ സാധിക്കുമെന്നും ശ്രീ മോദി പ്രത്യാശ പ്രകടിപ്പിച്ചിരുന്നു.

RNU TVPM

*************************

## മുഖ്യമന്ത്രി - എഡ്യൂക്കേഷൻ ഹബ്ബ്

രാജ്യത്തെ മികച്ച 300 കോളേജുകളിൽ 16 എണ്ണം കേരളത്തിലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കണ്ണൂർ ധർമ്മടത്ത് പിണറായി എജുക്കേഷൻ ഹബിൻറെ നിർമ്മാണോദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. ഉന്നത വിദ്യാഭ്യാസത്തിനൊപ്പം നൈപുണ്യ വികസനത്തിനും സംസ്ഥാന സർക്കാർ ശ്രദ്ധ നല്കുന്നുണ്ട് . ഇതിൻറെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റം

കണ്ടുവരുന്നതായും അദ്ദേഹം പറഞ്ഞു . കിഫ്ബി വഴിയുള്ള വികസന പദ്ധതികൾ ഏകദേശം 90,000 കോടിയോട് അടുക്കുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.ചടങ്ങിൽ മന്ത്രിമാരായ ആർ ബിന്ദു, പി എ മുഹമ്മദ് റിയാസ് എന്നിവരും പങ്കെടുത്തു. 13 ഏക്കർ സ്ഥലത്ത് 285 കോടി ചിലവിലാണ് പിണറായി എജ്യുക്കേഷൻ ഹബ്ബ് നടപ്പിലാക്കുന്നത്. പോളിടെക്നിക് കോളേജ്, IHRD കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, ഐ ടി ഐ, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, സിവിൽ സർവ്വീസ് അക്കാദമി എന്നിവ ഇതിൽ ഉൾപ്പെടുന്നു .

*************************

## റോബോട്ടിക്സ്-പി.രാജീവ്

RNU TVPM

പരിസ്ഥിതിക്കും ജനങ്ങൾക്കും വ്യാവസായിക മേഖലയ്ക്കും ഒരുപോലെ പ്രാധാന്യം നൽകുന്നതാണ് സംസ്ഥാന സർക്കാരിൻറെ വ്യാവസായിക നയമെന്ന് വ്യവസായ മന്ത്രി പി രാജീവ്. കേരളത്തിലെ ആദ്യ അന്താരാഷ്ട്ര റോബോട്ടിക്സ് റൗണ്ട് ടേബിൾ കോൺഫറൻസ് കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വ്യാവസായിക നിർമ്മാണ മേഖലയിലെ കേരളത്തിൻറെ ന്യൂനതകൾ പരിഹരിക്കുന്നതിനും വ്യാവസായിക സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിലും നിരവധി നടപടികൾ സർക്കാർ ആരംഭിച്ചെന്നും അദ്ദേഹം പറഞ്ഞു. അന്താരാഷ്ട്ര തലത്തിലുൾപ്പെടെ ശ്രദ്ധേയമായിട്ടുള്ള നൂറിലധികം കമ്പനികൾ കോൺഫറൻസിൽ പങ്കെടുക്കും. കെഎസ്ഐഡിസി ആണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

*************************

## ലിറ്റിൽ കൈറ്റ്സ്-കൊച്ചി

പാഠപുസ്തക പരിഷ്കരണത്തിലൂടെ അടുത്തവർഷം 8, 9, 10 ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും നിർമ്മിത ബുദ്ധി

പരിചയപ്പെടുത്തുമെന്ന് മന്ത്രി വി ശിവൻകുട്ടി. സംസ്ഥാനത്തെ സ്കൂളുകളിലെ 'ലിറ്റിൽ കൈറ്റ്സ്' അംഗങ്ങൾക്കായി ഇന്നും നാളെയും നടക്കുന്ന സംസ്ഥാനതല ക്യാമ്പ് കൊച്ചി ഇടപ്പള്ളിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. രാജ്യത്ത് ആദ്യമായി സംസ്ഥാനത്ത് ഏഴാം ക്ലാസിൽ നിർമ്മിത ബുദ്ധിയും റോബോട്ടിക്സും പരിചയപ്പെടുത്തി. ഒരു വർഷം 1.80 ലക്ഷം കുട്ടികളാണ് ലിറ്റിൽ കൈറ്റ്സിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു . ജില്ലാ ക്യാമ്പുകളിൽ നിന്നും തെരഞ്ഞെടുത്ത 130 കുട്ടികളാണ് യൂണിസെഫിന്റെ പങ്കാളിത്തത്തോടെ നടത്തുന്ന സംസ്ഥാന തല ക്യാമ്പിൽ പങ്കെടുക്കുന്നത്.

***************************

## മുഖ്യമന്ത്രി - പാസ്സിംഗ് ഔട്ട് - ഇൻട്രോ

RNU TVPM

പോലീസിന്റെ മാനവിക മുഖവും കാര്യക്ഷമതയും വർധിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. ദുരന്തമുഖത്തും അന്വേഷണ രംഗത്തും ഇത് ദൃശ്യമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കണ്ണൂർ മാങ്ങാട്ടുപറമ്പ് കെ.എ പി. നാലാം ബറ്റാലിയൻറെ പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിക്കുകയായിരുന്നു മുഖ്യമന്ത്രി. വയനാട് ദുരന്തസമയത്ത് നല്ല രീതിയിലുള്ള ഇടപെടൽ പൊലീസ് സേനയുടെ ഭാഗത്തു നിന്നും ഉണ്ടായതായും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയിസ്)

കേരള ആംഡ് പോലീസ് രണ്ടാം ബറ്റാലിയനിൽ നിന്ന് 152 പേരും നാലാം ബറ്റാലിയനിൽ നിന്ന് 162 പേരും ഉൾപ്പെടെ 314 സേനാംഗങ്ങളാണ് പരേഡിൽ പങ്കെടുത്തത്. ഒൻപതുമാസത്തെ അടിസ്ഥാന പരിശീലനം പൂർത്തിയാക്കിയാണ് ഇവർ കേരള പോലീസിൻറെ ഭാഗമായത്.

***************************

## മനുഷ്യാവകാശ കമ്മീഷൻ

മലയാള സിനിമാ വ്യവസായ മേഖലയിൽ നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങൾ പരിശോധിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ . ചീഫ് സെക്രട്ടറിയും സംസ്ഥാന പോലീസ് മേധാവിയും കമ്മിറ്റി റിപ്പോർട്ടും പരാതിയും വിശദമായി വിലയിരുത്തി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളെകുറിച്ച് രണ്ടാഴ്ചക്കകം വിശദീകരണം സമർപ്പിക്കണമെന്ന് കമ്മിഷൻ ആവശ്യപ്പെട്ടു. അടുത്തമാസം കണ്ണൂർ ഗസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിങ്ങിൽ കേസ് പരിഗണിക്കും.

*************************

## വനിതാ കമ്മീഷൻ -ഹേമ കമ്മിറ്റി

ഹേമ കമ്മിറ്റി റിപ്പോർട്ടിൽ ഹൈക്കോടതി നിർദ്ദേശാനുസരണം മുന്നോട്ടുപോവുമെന്ന് വനിതാ കമ്മീഷൻ അധ്യക്ഷ പി സതീ ദേവി. നിയമപരമായി എന്തു ചെയ്യണം എന്ന് ഹൈക്കോടതി തീരുമാനിക്കുമെന്നും അവർ കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു .

RNU TVPM

*************************

## ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ

സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനൽ മത്സരം കാണാൻ ടിക്കറ്റ് എടുത്തിട്ടും സ്റ്റേഡിയത്തിലേക്ക് പ്രവേശനം ലഭിക്കാത്തവർക്ക് നഷ്ടപരിഹാരം നൽകാൻ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ ഉത്തരവിട്ടു. ഇവർക്ക് ടിക്കറ്റ് തുക തിരിച്ച് നൽകാനും 10,000 രൂപ നഷ്ടപരിഹാരം നൽകാനും കമ്മീഷൻ ഉത്തരവിട്ടു. 30 ദിവസത്തിനകം നഷ്ടപരിഹാര തുക നൽകിയില്ലെങ്കിൽ ഒമ്പത് ശതമാനം പലിശ ഈടാക്കാമെന്നും ഉത്തരവിൽ പറയുന്നു. 2022 ൽ മലപ്പുറം ആദ്യമായി ആതിഥേയത്വം വഹിച്ച സന്തോഷ് ട്രോഫി

മത്സരങ്ങൾ മെയ് രണ്ടിന് കോട്ടപ്പടിയിലും പയ്യനാട് സ്റ്റേഡിയത്തിലുമായാണ് നടന്നത്.

*************************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്, ഈ ഞായറാഴ്ച രാവിലെ 11 മണിക്ക് പ്രക്ഷേപണം ചെയ്യും. പരിപാടിയിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും നമോ ആപ്പ്, MyGov പ്ലാറ്റ് ഫോം, ടോൾ ഫ്രീ നമ്പരായ 1800-11-7800 എന്നിവയിലൂടെ ഇന്ന് വരെ അറിയിക്കാം.

*************************

## ഡ്യൂറണ്ട് കപ്പ്

ഡ്യൂറണ്ട് കപ്പ് ഫുട്ബോളിൻറെ ക്വാർട്ടർ ഫൈനലിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് - ബംഗളൂരു എഫ് സി യെ നേരിടും . രാത്രി 7 നു കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിലാണ് മത്സരം. വൈകുന്നേരം 4 നു നടക്കുന്ന മറ്റൊരു ക്വാർട്ടറിൽ മോഹൻ ബഗാൻ പഞ്ചാബ് എഫ് സി യെ നേരിടും.

RNUTVPM

*************************

## വയനാട് -യോഗം

വയനാട് മുണ്ടക്കൈ ദുരന്ത പുനരധിവാസവും അനുബന്ധ പ്രശ്നങ്ങളും ചർച്ച ചെയ്യാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ മുട്ടിൽ WMO കോളജിൽ യോഗം ചേരുന്നു. ദുരന്തം നേരിട്ട് ബാധിച്ചവർ, ജില്ലാ കലക്ടർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, എംഎൽഎമാർ, സർവ്വകക്ഷി നേതാക്കൾ, സാമുദായിക സംഘടനാ നേതാക്കൾ തുടങ്ങിയവരും യോഗത്തിൽ പങ്കെടുക്കുന്നു.

***********************************************************************************************